പുത്തൂർ. എൽ.പി

# അക്കാദമിക മാസ്റ്റർപ്ലാൻ

സ്കൂൾതലം

## ആമുഖം

2025-26 അധ്യയന വർഷത്തിൽ സ്കൂളിലെ മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുന്നതും, തുല്യതയും ഗുണനിലവാരമുള്ളതുമായ വിദ്യാഭ്യാസം ഉറപ്പാക്കുക എന്ന ദൗത്യം പൂർത്തീകരിക്കുന്നതിനു വേണ്ടി തയ്യാറാക്കിയ കർമ്മ പദ്ധതിയുടെ രൂപരേഖയാണിത്. ഭാഷ, പരിസരപഠനം, ഗണിതം, ഇംഗ്ലീഷ് എന്നീ വിഷയങ്ങൾക്ക് പ്രാധാന്യം നൽകുന്ന കർമ്മ പദ്ധതി രക്ഷിതാക്കളുടെ സജീവമായ പിന്തുണ ഉറപ്പാക്കുന്ന വിധത്തിലാണ് രൂപകൽപ്പന ചെയ്തിട്ടുള്ളത്. പഠന പ്രവർത്തനങ്ങൾ കുട്ടികൾ ആസ്വാദ്യമാക്കുക, സ്വയമേറ്റെടുക്കൽ മനോഭാവം വളർത്തുക, സ്വയം വിലയിരുത്തൽ, പരസ്പര വിലയിരുത്തൽ, വിദ്യാലയത്തെ വിലയിരുത്തൽ, പഠന പ്രവർത്തനത്തിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തൽ തുടങ്ങിയവ ഈ പദ്ധതിയിൽ പെടുന്നു. കൂടാതെ അക്കാദമികേതര [കല, കായികം] പ്രവർത്തനങ്ങളിലും കുട്ടികളെ മികവുറ്റവരാക്കി തീർക്കാൻ ഈ കർമ്മ പദ്ധതി ലക്ഷ്യമിടുന്നു.

## ലക്ഷ്യങ്ങൾ

* മികച്ച ഭാഷയിൽ എഴുതുന്നതിനും ഒഴുക്കോടെ സ്വതന്ത്ര വായന നടത്തുന്നതിനും കൃത്യമായ സന്ദർഭങ്ങളിൽ വേണ്ട വിധം ഭാഷാ-ശേഷി പ്രയോഗിക്കുന്നതിനുമുള്ള ശേഷി നേടുക.
* എല്ലാ വിഷയങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിലൂടെ സർഗാത്മകമായ കഴിവുകൾ വികസിപ്പിക്കുന്നു.
* കുട്ടികളിൽ സാമൂഹിക വികാസ വിടവ് നിലനിർത്തുന്ന പുതിയ സഹചര്യത്തിൽ സംഘ പ്രവർത്തനങ്ങൾ, കളികൾ എന്നിവയിലൂടെ സാമൂഹിക ബോധം, സംഘബോധം, പങ്കിടൽ, എന്നിവ വികസിപ്പിക്കൽ
* ശാസ്ത്ര കൗതുകം വളർത്താൻ ഉതകുന്ന തരത്തിൽ ശാസ്ത്ര പരീക്ഷണങ്ങളിൽ സ്വയം ഏർപ്പെടുകയും പരീക്ഷണ കുറിപ്പുകൾ തയ്യാറാക്കുകയും ചെയ്യൽ.

## റീ. ടീച്ച്

സ്കൂൾ പഠനപ്രവർത്തനങ്ങളിൽ പോരായ്മ കാണിക്കുന്ന വിദ്യാർത്ഥികൾക്ക് വീണ്ടും പഠന പിന്തുണ നൽകുന്നതിനുള്ള പദ്ധതിയാണ് റീ. ടീച്ച് പ്രോഗ്രാം. പാനൂർ സബ്ജില്ലയിൽ എ.ഇ.ഒ യുടെ നേതൃത്വത്തിൽ ഇതിന്റെ ഭാഗമായി ഭാഷാ പരിജ്ഞാനം വളർത്തുന്നതിനുള്ള പ്രവർത്തനമാണ് അക്ഷരഖനി- നിധി വേട്ട.

### പ്രവർത്തനഘട്ടങ്ങൾ

* സ്കൂൾ തലത്തിൽ 3,4 ക്ലാസുകളിൽ പഠന പിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികളെ കണ്ടെത്തുന്നു.
* രക്ഷിതാക്കളുടെ സാന്നിദ്ധ്യത്തിൽ സ്ക്രീനിംങ് ടെസ്റ്റ് ന് വിധേയമാക്കുന്നു.
* നിർദ്ദേശങ്ങൾക്കനുസരിച്ച് മെയ് മാസത്തിൽ സ്കൂളിൽ വച്ച് പ്രത്യേക ദിവസങ്ങളിൽ കുട്ടികൾക്ക് അധ്യാപകർ പരിശീലനം നൽകുന്നു.
* ജൂൺ മാസത്തോടുകൂടി ഒന്നാം ഘട്ടം പൂർത്തിയാക്കുന്നു
* പഠനപ്രവർത്തനങ്ങളോടൊപ്പം തന്നെ റീ. ടീച്ച് പ്രവർത്തനങ്ങളും മുന്നോട്ട് കൊണ്ടു പോകുന്നു.

സ്കൂൾ തല പ്രവർത്തനങ്ങളുടെ ഫോർമാറ്റ്.

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|
| 1 | ഭാഷ, ഗണിതം | സ്കൂളിൽ പഠന പിന്നാക്ക അവസ്ഥ നേരിടുന്ന കുട്ടികൾക്ക് പരിശീലനം (റീ-ടീച്ച്) | മെയ് 6 മുതൽ ജൂൺ 30 വരെ | റീ-ടീച്ച് - കോ-ഓർഡിനേറ്റർ- പ്രതുൽ, രമ്യ, ജിനി |
| 2 | സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി. | സന്നദ്ധതാ പ്രവർത്തനങ്ങൾ സാമൂഹിക പ്രതിപാദ്യ വിഷയങ്ങൾ | ജൂൺ 3 മുതൽ 13 വരെ | ക്ലാസ് ടീച്ചർ |
| 3 | ആരോഗ്യ - കായിക വിദ്യാഭ്യാസം | സ്കൂളിലെ മുഴുവൻ കുട്ടികൾക്കും കായിക ക്ഷമത വർദ്ധിപ്പിക്കുന്നതിനു വേണ്ടി സൂമ്പ പരിശീലനം | ജൂൺ മുതൽ മാർച്ച് വരെ | പ്രതുൽ |
| 4 | ഇംഗ്ലീഷ് | ഇംഗ്ലീഷ് പഠനത്തിൽ പിന്നോക്കം നിൽക്കുന്നവരെ മെച്ചപ്പെടുത്തുന്നതിനും പഠനം ആസ്വാദ്യകരമാക്കുന്നതിനും വേണ്ടി [സ്മാർട്ട് ഇംഗ്ലീഷ്] | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ |
| 5 | ഗണിതം | ഗണിത പഠനത്തിൽ പ്രയാസം നേരിടുന്ന കുട്ടികളെ മെച്ചപ്പെടുത്താൻ വേണ്ടിയുള്ള [ഗണിതാമൃതം] പ്രവർത്തനങ്ങൾ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ |

-> ഇംഗ്ലീഷ് അസംബ്ലി, ഇംഗ്ലീഷ് ക്ലബ്, എന്നിവയിലൂടെ ഭയമില്ലാതെ ഇംഗ്ലീഷ് കൈകാര്യം ചെയ്യാനുള്ള അവസരം കുട്ടികൾക്ക് ഒരുക്കി കൊടു

## ഗണിതം മധുരം

ഭാഷപോലെതന്നെ പ്രാധാന്യമുള്ളതാണ് ഗണിതം. എല്ലാവരും എല്ലാദിവസവും ഗണിതം ഉപയോഗിക്കുന്നു. സമയം പറയാൻ, ഗെയിമുകൾ കളിക്കാൻ, പാചകം ചെയ്യാൻ, സാധനങ്ങൾ നിർമ്മിക്കാൻ തുടങ്ങി എല്ലാത്തിനും ഗണിതം ആവശ്യമാണ്. അതുകൊണ്ട് തന്നെ പ്രൈമറി ക്ലാസുകളിൽ നിന്ന് തന്നെ എല്ലാ കുട്ടികൾക്കും അടിസ്ഥാന ഗണിത ശേഷി നേടി കൊടുക്കേണ്ടതുണ്ട്. കുട്ടികൾ സ്കൂളിൽ നിന്ന് അടിസ്ഥാന ഗണിത ക്രിയകൾ പഠിക്കുന്നുണ്ട്. കൂട്ടുക, കുറയ്ക്കുക, ഗുണിക്കുക, ഹരിക്കുക തുടങ്ങിയവ. കുട്ടികൾക്ക് ഗണിത ശാസ്ത്രം ഒരു ഭാരമെന്നതിലുപരി ഒരു കളിയായി തോന്നേണ്ടത് അത്യാവശ്യമാണ്. അതുകൊണ്ട് തന്നെ അടിസ്ഥാന ഗണിത ശേഷികൾ നേടാൻ കഴിയാത്ത കുട്ടികളെ മെച്ചപ്പെടുത്തുന്നതിനു വേണ്ടി "ഗണിതം മധുരം" എന്ന പരിപാടി സ്കൂളിൽ നടത്താൻ തീരുമാനിച്ചു.

### പ്രവർത്തന രീതി

-> 3, 4, 5 ക്ലാസുകളിലെ അടിസ്ഥാന ഗണിത ശേഷികൾ നേടാൻ കഴിയാത്ത കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപിക പ്രത്യേക പരിശീലനം നൽകുന്നു.

-> ആഴ്ചയിൽ ഒരു ദിവസം എല്ലാ കുട്ടികളെയും ഒരുമിച്ചിരുത്തി പരിശീലിപ്പിക്കുന്നു.

-> ആഴ്ചയിൽ ഒരിക്കൽ ഒരു ദിവസം എല്ലാ ക്ലാസിലെയും കുട്ടികളെ ഒരുമിച്ച് ഇരുത്തി പരിശീലനം നൽകുന്നു.

-> കഥാപറയൽ, കവിതാലാപനം, രചനകൾ, കളികൾ, നിറം നൽകൽ തുടങ്ങിയ കുട്ടികൾക്ക് ആസ്വാദ്യകരമായ രീതിയിൽ പഠനം മുന്നോ- കൊണ്ട് പോവണം

-> അധ്യാപകർ കുട്ടികൾക്ക് മികച്ച പ്രോത്സാഹനം നൽകണം.

-> ക്ലാസ് പി.ടി.എ കളിൽ 'മലയാളത്തിളക്കം' പരിശീലന പ- പാടിയെക്കുറിച്ച് രക്ഷിതാക്കൾക്ക് ധാരണ നൽകണം.

-> കുട്ടികളുടെ പ്രവർത്തനം ക്ലാസ് ഗ്രൂപ്പുകളിൽ പങ്കുവയ്ക്കണം

-> കുട്ടികളിലെ ഭാഷാപരമായ പുരോഗതി വിലയിരുത്താൻ രക്ഷി- താക്കൾക്ക് അവസരം നൽകണം.

| | |
|---|---|
| 5-6-25- വ്യാഴം<br>വ്യക്തി ശുചിത്വം, പരിസര ശുചിത്വം ഹരിത ക്യാമ്പസ്, സ്കൂൾ സൗന്ദര്യ വൽക്കരണം | വ്യക്തി ശുചിത്വം, പരിസര ശുചിത്വം ഹരിത ക്യാമ്പസ്, സ്കൂൾ സൗന്ദര്യവൽക്കരണം. |
| 9-6-2025 - തിങ്കൾ<br>ആരോഗ്യം, വ്യായാമം, കായിക ക്ഷമത | ആരോഗ്യം, വ്യായാമം, കായികക്ഷമത |
| 10-6-2025 - ചൊവ്വ<br>ഡിജിറ്റൽ അച്ചടക്കം | ഡിജിറ്റൽ അച്ചടക്കം. |
| 11-6-25 ബുധൻ<br>പൊതുമുതൽ സംരക്ഷണം | പൊതുമുതൽ സംരക്ഷണം. |
| 12-6-25 - വ്യാഴം<br>പരസ്പര സഹകരണത്തിന്റെ പ്രാധാന്യം. | പരസ്പര സഹകരണത്തിന്റെ പ്രാധാന്യം. |
| 13-6-2025 - വെള്ളി<br>പൊതു ക്രോഡീകരണം | പൊതു ക്രോഡീകരണം. |
| | |

## മലയാളത്തിളക്കം

അമ്മിഞ്ഞപ്പാലിനൊപ്പം കുഞ്ഞ് സ്വായത്തമാക്കുന്ന ഒന്നാണ് മാതൃഭാഷ. കുട്ടിയുടെ ചിന്താശക്തി, ആശയവിനിമയത്തിനുള്ള കഴിവ് തുടങ്ങിയവയൊക്കെ രൂപപ്പെടുന്നത് മാതൃഭാഷയിലൂടെയാണ്. പ്രാഥമിക തലത്തിലുള്ള ഭാഷാപഠനം കുട്ടിയെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനമാണ്. സ്വന്തം ഭാഷയിൽ തെറ്റ് കൂടാതെ എഴുതാനും, വായിക്കാനും, ആശയം വിനിമയം ചെയ്യാനും കഴിയുക എന്നത് ഒരു കുട്ടിയുടെ അടിസ്ഥാന ആവശ്യമാണ്. അതുകൊണ്ട് തന്നെ ഭാഷാപഠനത്തിൽ കുട്ടികളെ മികവുറ്റവരായി മാറ്റേണ്ടത് ഓരോ അധ്യാപകന്റെയും ഉത്തരവാദിത്വമാണ്.

സ്കൂളിലെ മുഴുവൻ കുട്ടികളെയും മലയാളഭാഷയിൽ തെറ്റ് കൂടാതെ എഴുതാനും വായിക്കാനും പ്രാപ്തരാക്കുന്നതിനു- വേണ്ടി മലയാളഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻപന്തിയിലെത്തിക്കാൻ വേണ്ടി 'മലയാളത്തിളക്കം' എന്ന പരിപാടി നടത്താൻ തീരുമാനിച്ചു.

### പ്രവർത്തന രീതി.

→ ഓരോ ക്ലാസിലെയും പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ക്ലാസ് ടീച്ചർ വിശ്രമ വേളകളിൽ പരിശീലനം നൽകുന്നു

## സ്മാർട്ട് ഇംഗ്ലീഷ്

ഇന്നത്തെ സാമൂഹിക ചുറ്റുപാടിൽ ഏറെ പ്രാധാന്യമർഹിക്കുന്ന ആഗോള ഭാഷയാണ് ഇംഗ്ലീഷ്. ഒന്നാം ക്ലാസ് മുതൽ ഇംഗ്ലീഷ് ഭാഷ പഠിച്ചു തുടങ്ങുന്നുണ്ടെങ്കിലും, നമ്മുടെ കുട്ടികൾ ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യാൻ ഏറെ ഭയക്കുന്നു. സ്കൂളിലെ കുട്ടികൾക്ക് ഇംഗ്ലീഷ് ഭാഷയിൽ വായന, ലേഖനം, മടിയോ പേടിയോ ഇല്ലാതെ സംസാരിക്കാനുള്ള കഴിവ് എന്നിവ മെച്ചപ്പെടുത്തുന്നതിനായി ഈ അധ്യയന വർഷം 'സ്മാർട്ട് ഇംഗ്ലീഷ്' എന്ന പരിപാടിക്ക് തുടക്കം കുറിക്കുന്നു. പരിപാടിയുടെ ഭാഗമായി ആഴ്ചയിൽ 2 ദിവസം സ്പോക്കൺ ഇംഗ്ലീഷ് ക്ലാസും കൂടാതെ ഓരോ കുട്ടിക്കും അവരുടെ ക്ലാസ് നിലവാരത്തിനനുസരിച്ച് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ക്ലാസും ലഭ്യമാക്കുന്നു.

### പ്രവർത്തന രീതി

-> PTA ചേർന്ന് ക്ലാസിന്റെ പ്രാധാന്യത്തെപ്പറ്റിയും നടത്തിപ്പിനെ പറ്റിയും രക്ഷിതാക്കൾക്ക് ധാരണ നൽകുന്നു.

-> ജൂലൈ ആദ്യവാരം മുതൽ ക്ലാസ് ആരംഭിക്കണം

-> സാങ്കേതിക സൗകര്യങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് ക്ലാസ് ലളിതമാക്കണം.

-> ഓരോ ആഴ്ചയിലും ക്ലാസിന്റെ പുരോഗതി SRG ചേർന്ന് വിലയിരുത്ത

-> കുട്ടികളുടെ പ്രവർത്തനങ്ങൾ /പുരോഗതി രക്ഷിതാക്കൾക്ക് വിലയിരുത്ത അവസരം നൽകണം.

→ ജീവിതാനുഭവങ്ങളുമായി ബന്ധിപ്പിച്ച് ആസ്വാദ്യകരമായ രീതിയിൽ പഠനാനുഭവങ്ങൾ സൃഷ്ടിക്കണം.

→ കുട്ടികളുടെ പഠന നിലവാരം രക്ഷിതാക്കളുമായി ചേർന്ന് ചർച്ച ചെയ്ത് വിലയിരുത്തൽ നടത്തണം.

## എൽ. എസ്. എസ് പരിശീലനം

എൽ.പി ക്ലാസിലെ കുട്ടികളുടെ പഠനനേട്ടങ്ങൾ പ്രകടിപ്പിക്കുന്നതിനായി പൊതു വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന ഏറ്റവും പ്രധാന പരീക്ഷയാണല്ലോ എൽ.എസ്.എസ്. നാലാം ക്ലാസിലെ കുട്ടികളെ ഉദ്ദേശിച്ച് നടത്തുന്ന ഈ പൊതു പരീക്ഷയ്ക്കു വേണ്ടി കുട്ടികളും അധ്യാപകരും രക്ഷിതാക്കളും ചേർന്ന് കൃത്യമായ തയ്യാറെടുപ്പുകളാണ് നടത്തുന്നത്. എൽ.എസ്.എസിന് ഒരുങ്ങുന്ന വിദ്യാർത്ഥികൾക്ക് വേണ്ടി നമ്മുടെ സ്കൂളിലെ അധ്യാപകർക്ക് പുറമേ വിവിധ വിഷയങ്ങളിൽ പ്രഗൽഭരായ വ്യക്തികളെക്കൂടി ഉൾക്കൊള്ളിച്ചുകൊണ്ട് മികച്ച രീതിയിൽ, അഭ്യാസ രഹിതമാകും വിധമുള്ള പഠനാനുഭവങ്ങൾ കുട്ടികൾക്ക് സാധ്യമാക്കണം.

-> ഇംഗ്ലീഷ് അസംബ്ലി, ഇംഗ്ലീഷ് ക്ലബ്ബ്, എന്നിവയിലൂടെ ഭയമില്ലാതെ ഇംഗ്ലീഷ് കൈകാര്യം ചെയ്യാനുള്ള അവസരം കുട്ടികൾക്ക് ഒരുക്കി കൊടുക്കുന്നു

## ഗണിതം മധുരം.

ഭാഷപോലെതന്നെ പ്രാധാന്യമുള്ളതാണ് ഗണിതം. എല്ലാവരും എല്ലാദിവസവും ഗണിതം ഉപയോഗിക്കുന്നു. സമയം പറയാൻ, ഗെയിമുകൾ കളിക്കാൻ, പാചകം ചെയ്യാൻ, സാധനങ്ങൾ നിർമ്മിക്കാൻ തുടങ്ങി എല്ലാത്തിനും ഗണിതം ആവശ്യമാണ്. അതുകൊണ്ട് തന്നെ പ്രൈമറി ക്ലാസുകളിൽ നിന്ന് തന്നെ എല്ലാ കുട്ടികൾക്കും അടിസ്ഥാന ഗണിത ശേഷി നേടി കൊടുക്കേണ്ടതുണ്ട്. കുട്ടികൾ സ്കൂളിൽ നിന്ന് അടിസ്ഥാന ഗണിത ക്രിയകൾ പഠിക്കുന്നുണ്ട്. കൂട്ടുക, കുറയ്ക്കുക, ഗുണിക്കുക, ഹരിക്കുക തുടങ്ങിയവ. കുട്ടികൾക്ക് ഗണിത ശാസ്ത്രം ഒരു ഭാരമെന്നതിലുപരി ഒരു കളിയായി തോന്നേണ്ടത് അത്യാവശ്യമാണ്. അതുകൊണ്ട് തന്നെ അടിസ്ഥാന ഗണിത ശേഷികൾ നേടാൻ കഴിയാത്ത കുട്ടികളെ മെച്ചപ്പെടുത്തുന്നതിന് വേണ്ടി "ഗണിതം മധുരം" എന്ന പരിപാടി സ്കൂളിൽ നടത്താൻ തീരുമാനിച്ചു.

## പ്രവർത്തന രീതി

-> 3, 4, 5 ക്ലാസുകളിലെ അടിസ്ഥാന ഗണിത ശേഷികൾ നേടാൻ കഴിയാത്ത കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപിക പ്രത്യേക പരിശീലനം നൽകുന്നു.

-> ആഴ്ചയിൽ ഒരു ദിവസം എല്ലാ കുട്ടികളെയും ഒരുമിച്ചിരുത്തി പരിശീലിപ്പിക്കുന്നു.